July : 4

ജോയിന്റ് ഫോറം ബുള്ളറ്റിൻ - 2

കരാർ ലംഘനത്തിനെതിരായ സമരപരിപാടികൾ ശക്തമായി മുന്നോട്ട് കൊണ്ട് പോകുന്നതിനായി 04.07.2022 ന് ജോയിന്റ് ഫോറം യോഗം ചേർന്ന് താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. ജൂലൈ 25 ന് ഏകദിന പണിമുടക്കം നടത്താൻ തീരുമാനിച്ചു. സമര നോട്ടീസ് ജൂലൈ 8 ന് നൽകും.

2. സമരം സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കാൻ ജോയിന്റ് ഫോറം സർക്കുലർ ഇറക്കും. അതിനു പുറമെ നാല് യൂണിയനുകളും സ്വന്തം നിലക്കും സർക്കുലർ ഇറക്കും.

3. ജൂലൈ 7 ന് മലപ്പുറത്ത് പത്രസമ്മേളനം വിളിക്കും.

4. മുഴുവൻ സ്ഥലങ്ങളിലും സംയുക്ത കൺവെൻഷൻ ചേരാൻ തീരുമാനിച്ചു. ആദ്യ കൺവെൻഷൻ കോഴിക്കോട് ജൂലൈ 17 ന് നടത്തും.

5. HO യിൽ 05.07.2022 & 06.07.2022 ദിവസങ്ങളിലായി യൂണിറ്റ് കൺവെൻഷനും RO കളിൽ 05.07.2022 ന് ജോയിന്റ് ഫോറം മീറ്റിംഗും വിളിച്ചു ചേർക്കും. മലപ്പുറം RO യിൽ 04.07.2022 ന് ജോയിന്റ് ഫോറം മീറ്റിംഗ് ചേരും.

6. ജൂലൈ 8 KGB day related എല്ലാ ആഘോഷ പരിപാടികളും ക്യാമ്പയിനുകളും ബഹിഷ്ക്കരിക്കണം. 'Boycott KGB Day celebration' ക്യാമ്പയിൻ നടത്തും . മുഴുവൻ RO കൾക്ക് മുമ്പിലും അന്നേ ദിവസം പ്രതിഷേധ പ്രകടനങ്ങൾ നടത്തും.

7. സമര പ്രചാരണ പോസ്റ്റർ എത്രയും പെട്ടെന്ന് തയ്യാറാക്കി യൂണിറ്റുകളിൽ എത്തിക്കും.

8. മുഴുവൻ ഡയറക്ടർ ബോർഡ് മെമ്പർമാരെയും കണ്ട് കത്ത് നൽകുവാനും തീരുമാനിച്ചു.

9. മുകളിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനൊപ്പം യുവജന സംഘടനകളെയും ട്രേഡ് യൂണിയനുകളെയും സംയുക്തമായി ബന്ധപ്പെട്ട് കാര്യങ്ങൾ അവതരിപ്പിക്കാനും അവരുടെ സഹായം തേടാനും തീരുമാനിച്ചു. MP, MLA മാരെ കണ്ട് വിഷയത്തിൽ ഇടപെടാൻ അഭ്യർത്ഥിക്കും.

10. മുഴുവൻ ജീവനക്കാരോടും കാര്യങ്ങൾ വിശദീകരിക്കാൻ സംയുക്തമായി ബ്രാഞ്ച് വിസിറ്റ് നടത്തും.

കൺവീനർ
ജോയിന്റ് ഫോറം ഓഫ് KGB യൂണിയൻസ്